بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 12.07.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബനൂമുസ്ത്വലിഖ് അഥവാ മുറൈസീഅ് യുദ്ധനീക്കം

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ○

ഇന്ന് ഞാൻ ബനൂമുസ്ത്വലിഖ് അഥവാ മുറൈസീഅ് എന്നറിയപ്പെടുന്ന ഗസ്വ അഥവാ യുദ്ധത്തെപ്പറ്റിയാണ് പറയുന്നത്. ഈ യുദ്ധം എപ്പോഴാണ് നടന്നത് എന്നതിനെ സംബന്ധിച്ച് നബിചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലരുടെ വീക്ഷണത്തിൽ ഈ യുദ്ധം ഹിജ്റ ആറാം വർഷമാണ് ഉണ്ടായത്. ചിലർ ഇത് ഹിജ്റ അഞ്ചാം വർഷമാണെന്നും നാലാം വർഷമാണെന്നും പറയുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഗവേഷണം നടത്തിക്കൊണ്ട് പറയുന്നു: ഈ യുദ്ധം ഹിജ്റ അഞ്ചാം വർഷം ശഅ്ബാനിലാണ് നടന്നത്. ഈ യുദ്ധം ബനൂഖുസാഅഃ ഗോത്രത്തിന്റെ ശാഖയായ ബനൂമുസ്ത്വലിഖുമായി നടന്നതുകൊണ്ടാണ് ഈ യുദ്ധം ബനൂമുസ്ത്വലിഖ് എന്ന് അറിയപ്പെടുന്നത്. ഈ ഗോത്രം മുറൈസീഅ് എന്ന ഒരു കിണറിന്റെ അടുക്കൽ വസിച്ചിരുന്നതുകൊണ്ട് ഈ ഗസ്വയുടെ മറ്റൊരു പേര് മുറൈസീഅ് യുദ്ധം എന്നുമാകുന്നു.

ബനൂമുസ്ത്വലിഖ് ഖുറൈശികളുടെ കൂട്ടുകാരായിരുന്നു. അവർ ഒറ്റക്കെട്ടായി ഖുറൈശികളോടൊപ്പം നിൽക്കുമെന്ന് ശപഥം ചെയ്തിരുന്നു. ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ബനൂമുസ്ത്വലിഖ് ഉഹുദ് യുദ്ധത്തിൽ കാഫിരീംകളായ ഖുറൈശികളുടെ സൈന്യത്തിൽ ഭാഗഭാക്കായിരുന്നു.

ഈ യുദ്ധത്തിന്റെ ഒരു കാരണം എന്തെന്നാൽ, ബനൂമുസ്ത്വലിഖ് ഇസ്ലം വിരോധത്തിൽ അതിരുകടന്നിരുന്നു. അവർക്ക് ഖുറൈശി കാഫിരീംകളുടെ പൂർണ പിന്തുണയും സഹായവും കിട്ടിയിരുന്നു. ഉഹുദ് യുദ്ധത്തിൽ മുസ്‌ലിംകൾക്കെതിരിൽ ഭാഗഭാക്കായതുകൊണ്ട് ഇപ്പോൾ ഇവർ തുറന്ന നിലയിൽ മുസ്‌ലിംകൾക്കെതിരിൽ ഇറങ്ങിത്തിരിക്കുകയുണ്ടായി. മാത്രമല്ല അവരുടെ ദ്രോഹം വർധിക്കുകയും ചെയ്തു. രണ്ടാമത്തെ കാര്യം മക്കയിൽ നിന്നുള്ള കേന്ദ്രപാതയുടെ നിയന്ത്രണം ബനൂമുസ്ത്വലിഖിന് ആയിരുന്നു. ഇവർ മക്കയിലെ മുസ്‌ലിംകളുടെ ഇടപെടൽ ഇല്ലാതാക്കുന്നതിന് ശക്തമായ പ്രതിരോധം തീർത്തിരുന്നു. ഈ യുദ്ധത്തിന്റെ മൂന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കാരണം ബനൂമുസ്ത്വലിഖിന്റെ നേതാവ് ഹാരിസ് ബിൻ അബീദിറാർ തന്റെ ഗോത്രത്തേയും അറബികളെയും തിരുനബി(സ)നെതിരിൽ യുദ്ധത്തിനു തയ്യാറാക്കി; മദീനക്ക് സമീപം 96 മൈൽ അകലത്തിൽ ഒരു സ്ഥലത്ത് സൈന്യങ്ങളെ ഒരുമിച്ചുകൂട്ടാൻ തുടങ്ങി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇതേപ്പറ്റി എഴുതിയിട്ടുള്ളത്, ഖുറൈശികളുടെ എതിർപ്പ്, നാൾക്കുനാൾ രൂക്ഷമായിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ ഗൂഢനീക്കങ്ങൾ മുഖേന അറേബ്യയിലെ നിരവധി ഗോത്രങ്ങളെ ഇസ്ലാമിനും ഇസ്ലാം മതസ്ഥാപകർക്കുമെതിരിൽ അണിനിരത്തിയിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ ശത്രുത പുതിയൊരു ഭീഷണി ഉണ്ടാക്കിത്തുടങ്ങി. അതായത് മുസ്‌ലിംകളുമായി നല്ല ബന്ധം ഉണ്ടായിരുന്ന ഹിജാസിലെ ഗോത്രങ്ങളും ഖുറൈശികളുടെ ഫിത്നകളിൽ വശംവതരായി മുസ്‌ലിംകൾക്കെതിരിൽ എഴുന്നേൽക്കാൻ തുടങ്ങി. ഇക്കാര്യത്തിൽ ആദ്യനീക്കം തുടങ്ങിയത് പ്രസിദ്ധ ഗോത്രമായ ബനൂഖുസാഅഃയുടെ ശാഖയായ ബനൂമുസ്തലിഖ് ആയിരുന്നു. അവർ മദീനക്കെതിരിൽ ആക്രമണം നടത്താൻ തയ്യാറെടുപ്പ് തുടങ്ങി. അവരുടെ നേതാവ് ഹാരിസ് ബിൻ അബീദിറാർ ഈ ഗോത്രത്തിൽ പര്യടനം നടത്തി മറ്റ് ചില ഗോത്രങ്ങളെ കൂടി തങ്ങളുടെ കൂടെ ചേർക്കുകയുണ്ടായി.

ബനൂമുസ്ത്വലിഖിന്റെ തയ്യാറെടുപ്പുകളെ സംബന്ധിച്ച് അറിഞ്ഞപ്പോൾ നബി(സ) ഹദ്റത്ത് ബുറൈദ ബിൻ ഹുസൈബിനെ അവിടെയുള്ള അവസ്ഥകൾ അറിയാൻ അയക്കുകയുണ്ടായി. അദ്ദേഹം തിരുനബി(സ)ന്റെ സവിധത്തിൽ എത്തി വളരെ ശക്തമായി മദീനയെ ആക്രമിക്കാൻ അവർ തയ്യാറെടുപ്പുകൾ നടത്തുന്നതിനെപറ്റി അറിയിച്ചു. നബി(സ) മുസ്‌ലിംകളെ വിളിച്ചുകൂട്ടി ശത്രുക്കളെ സംബന്ധിച്ച് അറിയിക്കുകയും ചെയ്തു. ഇസ്‌ലാമിക സൈന്യം വളരെ വേഗത്തിൽ തയ്യാറായി പുറപ്പെട്ടു.

ബനൂമുസ്ത്വലിഖിലേക്ക് നബി(സ) പുറപ്പെട്ടതു സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാകുന്നു, ഒരു നിവേദനമനുസരിച്ച് നബി(സ) ഹദ്റത്ത് സൈദ് ബിൻ ഹാരിസയെ മദീനയിൽ തന്റെ പിൻഗാമിയായി നിയമിച്ചു. ഇബ്നു ഹിശാം ഹദ്റത്ത് അബൂദർ ഗഫ്ഫാരിയുടെ പേരാണ് എഴുതിയിരിക്കുന്നത്. അതുപോലെ ഹദ്റത്ത് നുമൈല ബിൻ അബ്ദുല്ലാഹ്ന്റെ പേരും വിവരിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും 700 പേരടങ്ങിയ ഇസ്‌ലാമിക സൈന്യം പുറപ്പെട്ടു. റസൂൽകരീം(സ) ഹിജ്റ അഞ്ചാം വർഷം ശഅ്ബാൻ രണ്ടാം തിയ്യതി തിങ്കളാഴ്ച മദീനയിൽനിന്നും ബനൂമുസ്ത്വലിഖിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് മസ്ഊദ് ബിൻ ഹുനൈദ യാത്രയിൽ വഴികാട്ടിയായിരുന്നു. വിശദീകരണത്തിൽ തുടരുന്നു, ഏതായാലും നബി(സ)നോടൊപ്പം നിരവധി മുനാഫിഖീംകളും പുറപ്പെടുകയുണ്ടായി. ഇതിനു മുമ്പ് ഒരിക്കലും ഇതുപോലെ മറ്റൊരു യുദ്ധത്തിനും മുനാഫിഖീംകൾ പുറപ്പെട്ടിട്ടുണ്ടായിരുന്നില്ല. അവർക്ക് ജിഹാദിനോട് പ്രതിപത്തിയൊന്നും ഇല്ലായിരുന്നു. മറിച്ച് ജയിക്കുകയാണെങ്കിൽ സമരാർജിത സ്വത്തുക്കൾ കിട്ടുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് അവർ പുറപ്പെട്ടത്. സൈന്യത്തിൽ 30 കുതിരകൾ മാത്രമാണ് ഉണ്ടായിരുന്നത്. അതേസമയം ഒട്ടകങ്ങൾ കൂടുതൽ ഉണ്ടായിരുന്നു. ഈ കുതിരകളിലും ഒട്ടകങ്ങളിലുമായി മുസ്‌ലിംകൾ ഊഴമിട്ടു യാത്ര ചെയ്യുകയുണ്ടായി. യാത്രക്കിടയിൽ മുസ്‌ലിംകൾക്ക് ഒരു ചാരനെ കിട്ടുകയും അയാളെ മുസ്‌ലിംകൾ പിടികൂടി നബി(സ)ന്റെ സവിധത്തിലെത്തിക്കുകയും ചെയ്തു. നബി(സ) അയാൾ യഥാർഥ ചാരൻ തന്നെയാണെന്ന് അന്വേഷിച്ചറിഞ്ഞപ്പോൾ അയാളിൽനിന്ന് കാഫിരീംകളുടെ അവസ്ഥകളെ സംബന്ധിച്ച് അറിയാൻ ശ്രമിച്ചു. പക്ഷെ അയാൾ പറയാൻ കൂട്ടാക്കിയില്ല. അയാൾ സംശയഗ്രസ്തനായിരുന്നതിനാൽ അന്നത്തെ യുദ്ധസമ്പ്രദായമനുസരിച്ച് ഹദ്റത്ത് ഉമർ(റ) അയാളെ വധിക്കുകയുണ്ടായി. തുടർന്ന് ഇസ്‌ലാമിക സൈന്യം മുന്നോട്ട് നീങ്ങി.

ബനൂമുസ്തലിഖ് ഇസ്‌ലാമിക സൈന്യം വരുന്നുണ്ടെന്നും അവരുടെ ചാരൻ കൊല്ലപ്പെട്ടുവെന്നും അറിഞ്ഞപ്പോൾ വളരെയെറെ ഭയചകിതരായി. കാരണം അവർ ഓർക്കാപ്പുറത്ത് മദീനയെ ആക്രമിക്കാൻ അവസരം പാർത്തു കഴിയുകയായിരുന്നു. പക്ഷെ നബി(സ)ന്റെ ജാഗ്രത കാരണം അവർക്ക് അത് നഷ്ടക്കച്ചവടമായി മാറി. ചുരുക്കത്തിൽ അവർ വളരെയേറെ ഭയവിഹ്വലരായി. അവരെ സഹായിക്കാൻ അവരോടൊപ്പം കൂടിയിരുന്ന മറ്റ് ഗോത്രങ്ങൾ ദൈവിക ഇടപെടൽ കാരണം ഭയപ്പെട്ടുകൊണ്ട് ഉടൻ തന്നെ അവരെ ഉപേക്ഷിച്ചു തങ്ങളുടെ വീടുകളിലേക്ക് പോകുകയുണ്ടായി. എന്നാൽ ബനൂമുസ്ത്വലിഖുകാരെ ഖുറൈശികൾ മുസ്‌ലിം ശത്രുതയുടെ ലഹരിയിൽ മത്ത് പിടിപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഇതൊക്ക സംഭവിച്ചെങ്കിലും അവർ യുദ്ധത്തിൽനിന്ന് പിന്മാറിയില്ല. മുഴുവൻ തയ്യാറെടുപ്പുമായി ഇസ്‌ലാമിക സൈന്യത്തെ നേരിടാൻ ഒരുങ്ങുകയുണ്ടായി.

നബി(സ) മുറൈസീഅ് എത്തിയപ്പോൾ തുകൽ കൊണ്ടുള്ള ഒരു കൂടാരം നബി(സ)നുവേണ്ടി കെട്ടുകയുണ്ടായി. ഹദ്റത്ത് ആയിശ സിദ്ദീഖ നബി(സ)ന്റെ കൂടെയുണ്ടായിരുന്നു. നബി(സ) സ്വഹാബാക്കളെ അണിനിരത്തി. മുഹാജിരീംകളുടെ പതാക ഹദ്റത്ത് അബൂബക്കർ(റ)നാണ് നൽകിയത്. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അമ്മാർ ബിൻ യാസിറിനു നൽകിയെന്ന് പറയുന്നു. അൻസ്വാറിന്റെ പതാക ഹദ്റത്ത് സഅദ് ബിൻ ഉബാദക്ക് നൽകുകയുണ്ടായി. നബി(സ) ഹദ്റത്ത് ഉമറിനോട് പറഞ്ഞു: ശത്രുസൈന്യത്തിനു മുന്നിൽ ഇങ്ങനെ വിളംബരപ്പെടുത്തുക, അല്ലയോ ജനങ്ങളേ, അല്ലാഹു വല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്ന് പറയുവിൻ. അങ്ങനെ നിങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാക്കുവിൻ. ഹദ്റത്ത് ഉമർ അങ്ങനെ വിളംബരം ചെയ്തെങ്കിലും മുശ്‌രികീംകൾ നിഷേധിക്കുകയാണുണ്ടായത്. കുറച്ചു സമയം ശക്തമായ അമ്പെയ്ത്ത് നടന്നു.

ആദ്യം മുശ്‌രികീംകളിലെ ഒരാളാണ് അമ്പെയ്തത്. മുസ്‌ലിംകളും കുറച്ച് സമയം അമ്പെയ്തുകൊണ്ടിരുന്നു. തുടർന്ന് തിരുനബി(സ) സ്വഹാബാക്കളോട് യുദ്ധം ചെയ്യാൻ കൽപ്പന നൽകി. അവർ ഒന്നിച്ചു നിന്ന് പൊരുതി. മുശ്‌രികീംകളിൽ ആർക്കും ഓടി രക്ഷപ്പെടാൻ കഴിഞ്ഞില്ല. അവരിൽ 10 പേർ കൊല്ലപ്പെട്ടു. മറ്റുള്ളവരെല്ലാം ബന്ദിയാക്കപ്പെടുകയും ചെയ്തു. നബി(സ) അവരുടെ സ്ത്രീ പുരുഷന്മാരെയും മക്കളെയും മൃഗങ്ങളെയും ബന്ദിയാക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു, നബി(സ) മുറൈസീഇൽ എത്തിയപ്പോൾ അവിടെ താവളമടിക്കാൻ കൽപ്പന നൽകി. അണികളെ ശരിയാക്കുകയും പതാകകൾ വിതരണവും മറ്റും കഴിഞ്ഞ ശേഷം നബി(സ) ഹദ്റത്ത് ഉമറിനോട് കൽപിച്ച പ്രകാരം ബനൂമുസ്തലിഖുകാരോട് ഇങ്ങനെ വിളംബരപ്പെടുത്തി; ഇപ്പോൾ ഇസ്ലാം വിരോധത്തിൽ നിന്നും ശത്രുതയിൽനിന്നും പിന്മാറുകയും നബി(സ)ന്റെ ഭരണത്തെ അംഗീകരിക്കുകയുമാണെങ്കിൽ സംരക്ഷണം നൽകപ്പെടുന്നതാണ്; മുസ്ലിംകൾ തിരിച്ചു പോകുന്നതാണ്. പക്ഷെ അവർ അതിനെ ശക്തിയായി എതിർക്കുകയും യുദ്ധത്തിന് തയ്യാറാകുകയുമാണുണ്ടായത്. അങ്ങനെ ഈ യുദ്ധത്തിൽ ആദ്യത്തെ അമ്പ് ബനൂമുസ്തലിഖിലെ ഒരാളാണ് തൊടുത്തുവിട്ടത്. ഈ അവസ്ഥ കണ്ടപ്പോൾ നബി(സ) സ്വഹാബാക്കളോട് യുദ്ധം ചെയ്യാൻ കൽപ്പന നൽകി. കുറച്ചു സമയം ഇരുകൂട്ടർക്കുമിടയിൽ ശക്തമായ അമ്പെയ്ത്ത് നടന്നു. തുടർന്ന് നബി(സ) സ്വഹാബാക്കളോട് പെട്ടെന്ന് ഒന്നിച്ചു ചേർന്ന് ആക്രമണം നടത്താൻ കൽപ്പിച്ചു. ഈ ഒന്നിച്ചുള്ള ആക്രമണത്തിൽ കാഫിരീംകളുടെ പാദങ്ങൾ ഇളകി. പക്ഷെ മുസ്ലിംകൾ വളരെ തന്ത്രപൂർവം അവരെ വലയം ചെയ്തപ്പോൾ മുഴുവൻ സംഘവും ഉപരോധത്തിലായി ആയുധം താഴെവെക്കാൻ നിർബന്ധിതരായി. ഭയാനകമായി ഭവിക്കാവുന്ന ഈ യുദ്ധം കേവലം 10 കാഫിരീംകളുടെയും ഒരു മുസ്ലിമിന്റെയും വധത്തോടു കൂടി പരിസമാപ്തിയിലെത്തി.

ഇന്ന് (നമ്മൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന) മുഹർറം മാസം സംബന്ധിയായും ദുഃആയിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ഇത് അക്രമത്തിന്റെയും ഭീകരതയുടെയും അങ്ങേയറ്റത്തെ ഉദാഹരണം സ്ഥാപിതമായ വളരെ വേദനാജനകമായ ഒരു സംഭവമാണ്. നബി(സ)ന്റെ ദൗഹിത്രനും നബി(സ)ന്റെ കുടുംബക്കാരും ശഹീദാക്കപ്പെട്ടു. എന്നാൽ ഇതിൽനിന്ന് പാഠമുൾക്കൊള്ളുന്നതിനു പകരം ഈ അക്രമം ഇന്നും തുടരുന്നു എന്നത് മുസ്ലിംകളുടെ ദൗർഭാഗ്യമാകുന്നു.

മുഹർറത്തിൽ ശീആ സുന്നി ഫസാദുകളും തീവ്രവാദ അക്രമണങ്ങളും വർധിക്കുന്നു. ഇതിൽ ഇരുഭാഗത്തും ജീവനുകൾ നഷ്ടപ്പെടുന്നു. (പാഠമുൾക്കൊള്ളാനും അല്ലാഹുവിനെ ഭയക്കാനുമുള്ള ബുദ്ധി ഇവർക്ക് ഉണ്ടാകുന്നില്ല.) അല്ലാഹു ഈ കുഴപ്പങ്ങൾ അവസാനിപ്പിക്കാൻ തന്റെ വാഗ്ദാനമനുസരിച്ച് സംവിധാനം ചെയ്തിരിക്കുന്നു. അത് സ്വീകരിക്കാൻ അവർ തയ്യാറാകുന്നില്ല. (അതിലൂടെ മാത്രമാണ് മുസ്ലിംകളിൽ ഐക്യം ഉണ്ടാകുകയും അവരുടെ അന്തസ്സ് സ്ഥാപിതമാകുകയും ചെയ്യുകയുള്ളൂ.) ഇവർക്ക് ഇത് ബോധ്യമായെങ്കിൽ ഹാ, എത്ര നന്നായേനെ! ഏതായാലും ഈ ദിവസങ്ങളിൽ അഹ്മദികൾ സ്വലാത്തു ചൊല്ലാനും മുസ്ലിംകളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം ദുഃആ ചെയ്യാനും തങ്ങളുടെ അവസ്ഥകളെ നന്നാക്കാനും അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും വേണം. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് ബൂഞ്ചാ മഹ്മൂദ് സാഹിബിന്റെ ശഹാദത്തിനെ പരാമർശിക്കുകയും തുടർന്ന് റശീദ് അഹ്മദ് സാഹിബിനേയും, ചൗധരി മുത്വീഉർ റഹ്മാൻ സാഹിബിനേയും, മൻസൂർ ബേഗം സാഹിബയേയും, മാസ്റ്റർ സആദത്ത് അഹ്മദ് അശ്റഫ് സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 12.07.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516